കൃഷിഭവനുകൾ ആരംഭിക്കാൻ ദയവായി അദ്ദേഹം ആവശ്യമായ തുക അനുവദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിനു മുമ്പൊക്കെ ഉണ്ടായ അനുഭവങ്ങളിൽനിന്ന് വ്യത്യസ്തമായി അനുകൂലമായ മറുപടി ബഹുമാനപ്പെട്ട ഗൗരിയമ്മയിൽനിന്നും നിശ്ചയമായും ഈയൊരു സുദിനത്തിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, പെരുമ്പാവൂരിലെ എം.എൽ.എ. പറഞ്ഞത് ശരിയാണ്. സംസ്ഥാനത്ത് 20 പഞ്ചായത്തുകളിൽ കൃഷിഭവനുകൾ ഇല്ല. ഇതിനായി ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിക്കുകയാണ്. അവിടെനിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് അത് അനുവദിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഏതായാലും നടപടി എടുത്തുവരുന്നുണ്ട്.

(21) പാചകവാതകക്ഷാമം

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ 44 ലക്ഷത്തോളം വരുന്ന പാചകവാതക ഉപഭോക്താക്കൾ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പാചകവാതകത്തിന്റെ ലഭ്യത വലിയ പ്രശ്നമായിട്ട് ഇന്ന് മാറിയിട്ടുണ്ട്. ലോറി പണിമുടക്ക് തുടങ്ങിയതുകൊണ്ടു മാത്രമല്ല ഇതുണ്ടായിരിക്കുന്നത്. ലോറി പണിമുടക്ക് പ്രശ്നത്തെ ഗുരുതരാവസ്ഥയിലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഓയിൽ കോർപ്പറേഷനുകൾതന്നെ ഇതിന്റെ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. അതിനുപുറമേ ഹോട്ടലുകളും വാഹനങ്ങളും പാചകവാതക സിലിണ്ടറുകൾ ദുരുപയോഗം ചെയ്യുകയാണ്. നിലവിലുള്ള എൽ.പി.ജി. രജിസ്ട്രേഷൻ ആക്ടിന് വിരുദ്ധമായി ഹോട്ടലുകളും വാഹനങ്ങളും ഇത് ദുരുപയോഗം ചെയ്യുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പാചകവാതകവിതരണം വലിയതോതിൽ തകരാറിലായിട്ടുണ്ട്. ലോറി സമരത്തോടുകൂടി ഇത് രൂക്ഷമായിട്ടുണ്ട്. ഗവണ്മെന്റ് ഈ കാര്യത്തിൽ ആവശ്യമായിട്ടുള്ള ഇടപെടൽ നടത്തണം. ഡൽഹിയിലൊക്കെയുള്ളതുപോലെ സി.എൻ.ജി. ഇവിടെ ഏർപ്പാട് ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കണം. പാചകവാതകക്ഷാമം പരിഹരിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാനും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഓയിൽ കമ്പനികൾ കേരളത്തിൽ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു കുടുംബത്തിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

മാസത്തേക്ക് എട്ടു കിലോഗ്രാം ഗ്യാസ്മാത്രം മതിയെന്നു കണ്ടെത്തിയിരിക്കുകയാണ്. അതു തെറ്റാണ്. കേരളത്തിൽ 50 ലക്ഷത്തോളം ഗ്യാസ് ഉപഭോക്താക്കളിൽ എല്ലാവരും സർക്കാർ ഉദ്യോഗസ്ഥൻമാരും മിനി ഫാമിലീസും ആണ്. ഇവർക്ക് എൽ.പി.ജി. അത്യാവശ്യമാണ്. ഇൻഡ്യയിൽ വേറൊരു സംസ്ഥാനത്തും ഈ നിയമം ബാധകമാക്കിയിട്ടില്ല. ഇതിന്റെ ദുരുപയോഗം തടയാൻ നടപടികൾ എടുക്കുന്നതോടൊപ്പം ഇക്കാര്യം കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് എന്റെ ആവശ്യം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*: സർ, പാചകാവശ്യത്തിനുള്ള എൽ.പി.ജി. റീഫിൽ ചെയ്യുന്നതിന് അടുത്തകാലത്ത് തടസ്സം നേരിട്ടിട്ടുണ്ട്. 2005 ജൂലൈ മാസത്തിൽ സംസ്ഥാനത്ത് നടന്ന രണ്ടു ഹർത്താലുകൾ, 2005 ജൂലൈ മാസം 18 മുതൽ 22 വരെ നടന്ന ടാങ്കർ ലോറി സമരം എന്നിവകാരണം റിഫൈനറിയിൽനിന്നും ബോട്ട്ലിംഗ് പ്ലാന്റുകളിലേക്ക് പാചകവാതകം എത്തിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്. മറ്റൊന്ന് 31-7-2005 മുതൽ ചരക്കുലോറികൾ ആരംഭിച്ചിട്ടുള്ള സമരവും പാചകവാതക വിതരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പാചകവാതക വിതരണരംഗത്ത് താൽക്കാലികമായി ഉണ്ടായ അപര്യാപ്തത പരിഹരിക്കുന്നതിന് ഓയിൽ കമ്പനികൾ ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മംഗലാപുരം എൽ.പി.ജി. ഇംപോർട്ട് ഫെസിലിറ്റി, മംഗലാപുരം കൊച്ചി റിഫൈനറി ലിമിറ്റഡ് എന്നിവിടങ്ങളിൽനിന്നും കൂടുതലായി എൽ.പി.ജി. എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൽ.പി.ജി. വിതരണരംഗത്ത് അപര്യാപ്തത പരിഹരിക്കുന്നതിന് ബോട്ട്ലിംഗ് പ്ലാന്റുകൾ അവധിദിവസങ്ങളിൽ ഉൾപ്പെടെ ഓവർടൈം കൊടുത്ത് പ്രവർത്തിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗാർഹികാവശ്യത്തിനുള്ള പാചകവാതകം ദുരുപയോഗം ചെയ്യുക, വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുക, വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുക—ഇവ തടയുന്നതിന് കർശനനടപടികൾ സ്വീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പുദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങളിൽ ഗാർഹികാവശ്യത്തിനുള്ള പാചകവാതകം ഇന്ധനമായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് കർശനനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെടുന്നതാണ്. കൂടാതെ, നിലവിലുള്ള സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് എണ്ണ കമ്പനികളുടെ പ്രതിനിധികളെയും പാചകവാതക വിതരണരംഗത്തെ സംഘടനാ പ്രതിനിധികളുടെയും ഒരു യോഗം 5-8-2005-ന് വിളിച്ചുകൂട്ടിയിട്ടുണ്ട്. ശ്രീ. പ്രതാപവർമ്മ തമ്പാൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ ഗാർഹികാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് എട്ടു കിലോഗ്രാമാണെന്നത്

LIBRARY ARCHIVES Kerala Legislative Assembly

തെറ്റാണെന്നു പറഞ്ഞു. ഈ കാര്യം പരിശോധന നടത്തുന്നതും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്. ശ്രീ. മത്തായി ചാക്കോ പറഞ്ഞ സി.എൻ.ജി.യുടെ കാര്യത്തെക്കുറിച്ചും കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(22) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. ഇ. എം. അഗസ്തി: സർ, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നതായിട്ടാണ് റിപ്പോർട്ടുകളിൽ കാണുന്നത്. ഇന്നലെവരെ 140 അടി വെള്ളം ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ തേക്കടി വനപ്രദേശത്ത് പെയ്ത കനത്ത മഴയെത്തുടർന്ന് ഡാമിലെ ജലനിരപ്പ് 142 അടിയായി വർദ്ധിച്ചു എന്നാണ് തഹസിൽദാരുമായി ബന്ധപ്പെട്ടപ്പോൾ അറിയിച്ചിരിക്കുന്നത്. എന്നാൽ 136 അടിയിൽക്കൂടുതൽ വെള്ളം ഡാമിൽ ഉയരരുതെന്നാണ് വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട്. കാലപ്പഴക്കംമൂലം ഡാമിന് ബലക്ഷയമുള്ളതുകൊണ്ടാണ് 136 അടിയിൽ വെള്ളം നിർത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇപ്പോൾ 140 അടി കവിഞ്ഞിരിക്കുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാര്യം 136 അടിയിൽ കൂടുതൽവരുന്ന വെള്ളം ഒഴുക്കിക്കളയുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടിരിക്കുന്ന 12 സ്പിൽവേകളിൽ രണ്ടെണ്ണം മാത്രമേ തുറക്കാൻ കഴിയുന്നുള്ളൂ എന്നുള്ളതാണ്. ബാക്കി 10 സ്പിൽവേകൾ തുറക്കാൻ കഴിയുന്നില്ല. സ്പിൽവേകളുടെ മുൻവശത്ത് വളരെക്കാലമായി കൂട്ടിയിട്ടിരിക്കുന്ന മണ്ണും കല്ലും കൊണ്ട് അവിടെ പ്രത്യേകമായി ഒരു ഭൂപ്രദേശം രൂപപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് സ്പിൽവേകൾ തുറക്കാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തമിഴ്നാട്ടിലേക്ക് ഒഴുക്കിക്കൊണ്ടുപോകുന്ന വെള്ളത്തെ നിയന്ത്രിക്കുന്ന ബട്ടർഫ്ലൈ വാൽവിനും തകരാറുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് തമിഴ്നാട്ടിലേക്കുള്ള ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. ഫലത്തിൽ മുല്ലപ്പെരിയാർ ഡാമിനുതന്നെ അതിഭയങ്കരമായ സമ്മർദ്ദമുണ്ടാവുകയാണ്. ഈ സമ്മർദ്ദത്തിന് ഏതു പരിധിവരെ ഡാമിനെ താങ്ങിനിർത്താൻ കഴിയുമെന്നുള്ള ഭയാശങ്കകളുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് ഇതിന്റെ അടിയന്തിരസ്വഭാവം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് ബട്ടർഫ്ലൈ വാൽവിന് എന്തെങ്കിലും തകരാറുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടത് ഏറ്റവും അത്യാവശ്യകാര്യമാണ്. അതിന്റെ നടപടികൾകൂടി സ്വീകരിക്കണം. അതീവഗുരുതരമായ ഈ പ്രശ്നം ഞാൻ ഈ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly